**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** 27-06-2022 - ൽ മറുപടിയ്ക്ക്

**കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട കോടതിസമുച്ചയത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഉണ്ട്. കാട്ടാക്കട താലൂക്കിലെ കുളത്തുമ്മൽ വില്ലേജിലെ സർവ്വേ നമ്പർ 234/8, 234/13 ൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് വാങ്ങിയ 17.90 ആർ ഭൂമിയിലാണ് കാട്ടാക്കട കോടതി സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. 2017-ൽ ആദ്യഘട്ടമായി പൈലിംഗ് ജോലികൾ ആരംഭിച്ചു. കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 19.10.2020-ലെ സ.ഉ.(സാധാ)നം.2440/2020/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട ഭൂമിക്ക് തണ്ണീർത്തട നിർമ്മാണത്തിന് ഭരണാനുമതി ആവശ്യമായതിനാൽ പ്രവർത്തിക്കുള്ള കരാർ നടപ്പാക്കാനായില്ല. സർക്കാർ 25.5.2022-ലെ സ.ഉ.(കൈ)നം.41/2022/കൃഷി പ്രകാരം സെക്ഷൻ 27 A(9)-ലെ കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ ഭേദഗതി പ്രകാരം പ്രസ്തുത ഭൂമി തരംമാറ്റുന്നതിന് അനുമതി നൽകി. ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പി.ഡബ്ല്യൂ.ഡി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ